**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് - മാങ്കാവ് - മേത്തോട്ട്ത്താഴം റോഡ് വികസനത്തിന് ഭൂമി അക്വയർ ചെയ്യുന്നതിന് അനുമതി നൽകിയ സർക്കാർ ഉത്തരവ് പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം. 1884/2019/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി, 02.09.2019.

പരാമർശം :- 1) 23/10/2000 -ലെ സ. ഉ. (സാധാ) 4310/ 2000/ത. സ്വ. ഭ. വ. നമ്പർ സർക്കാർ ഉത്തരവ്.

2) കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലിന്റെ 20/08/2019 - ലെ 206-ാം നമ്പർ തീരുമാനം.

3) കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 22·08·2019 ലെ ടി പി 13/59051 /97 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് - മാങ്കാവ് - മേത്തോട്ട്ത്താഴം റോഡ് വികസനത്തിന് വളയനാട് വില്ലേജിൽ 9.74 ഏക്കർ ഭൂമി അക്വയർ ചെയ്യുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ ഏറ്റെടുക്കേണ്ട ഭൂമിയിൽ സ്ഥാപിച്ച അലൈൻമെന്റ് കല്ല് പ്രകാരം 9.92 ഏക്കർ സ്ഥലമാണ് ഏറ്റെടുക്കേണ്ടതെന്ന് സർവ്വേ നടത്തിയതിൽ നിന്നും വ്യക്തമായതിനെ തുടർന്ന് പരാമർശം (1)പ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നൽകിയ ഭൂമിയുടെ സർവ്വേ നമ്പരുകളിൽ നിന്നും 61/3 ഒഴിവാക്കേണ്ടതാണെന്നും 27/3, 30/14 ബി 51/4, 81/6 സി, 84/1 എ, 1 ബി, 2 സി, 2 ഡി, 95/1, 96/2, 96/3 എന്നീ സർവ്വേ നമ്പറുകൾ പുതുതായി ഉൾപ്പെടുത്തേണ്ടതാണെന്നും സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) അറിയിച്ചതനുസരിച്ച് പരാമർശം (1) ഉത്തരവ് പുതുക്കി 9.92 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതിയ്ക്കായി സർക്കാരിലേക്ക് അപേക്ഷിക്കാൻ പരാമർശം (2) പ്രകാരം തീരുമാനിച്ച് പരാമർശം (3)പ്രകാരം കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പരാമർശം(1) ഉത്തരവിലെ ഏറ്റെടുക്കേണ്ട ഭൂമിയുടെ സർവ്വേ നമ്പരുകളിൽ നിന്നും 61/3 ഒഴിവാക്കിയും സർവ്വേ നമ്പർ 27/3, 30/14 ബി, 51/4, 81/6 സി, 84/1 എ, 1 ബി, 2 സി, 2 ഡി, 95/1, 96/2, 96/3 എന്നീ സർവ്വേ നമ്പറുകൾ പുതുതായി ഉൾപ്പെടുത്തിയും ആകെ 9.92 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകി പരാമർശം (1) ഉത്തരവ് പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**സബിത എസ്. ഡി.**

ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
റവന്യൂ വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (File No. RC1/155/2019/LSGD).

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ